14015
16/8/19

# കേരള സർക്കാർ

## സംഗ്രഹം

പിന്നാക്ക വിഭാഗ വികസനം - റിട്ട് പെറ്റിഷൻ നമ്പർ 18525/2019 -ൽ 08.07.2019 -ലെ ബഹു. ഹൈക്കോടതി വിധി - ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി - നിലവിലെ വരുമാന പരിധി ഉയർത്തുന്നത് സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ. (സാധാ)നം. 76/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 05.08.2019.

പരാമർശം:
1. 24.01.2014 -ലെ സ.ഉ.(സാധാ)നം.11/2014/പി.സ.വി.വ.
2. 23.05.2014 -ലെ സ.ഉ.(കൈ)നം.10/2014/പി.സ.വി.വ.
3. W.P.(C) 18525/2019 -ൽ 2019 ജൂലൈ 8 -ലെ ബഹു. ഹൈക്കോടതി വിധി.

## ഉത്തരവ്

ഓവർസീസ് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള നിലവിലെ കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയിൽ നിന്നും 8 ലക്ഷം രൂപയാക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് കൊണ്ട് ശ്രീ. ആദിൽ ആസിഫ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 18525/2019-ൽ 08.07.2019 -ലെ ബഹു. ഹൈക്കോടതി വിധി പ്രകാരം കോടതിയുടെ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനും അപേക്ഷ തീർപ്പാക്കുന്നതിനും പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശമുണ്ടായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിൽ കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനുള്ള വരുമാന പരിധി 1 ലക്ഷം രൂപയും കേന്ദ്ര സർക്കാർ പദ്ധതിയായ ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള വരുമാന പരിധി 1.5 ലക്ഷം രൂപയും, ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള വരുമാന പരിധി 2.5 ലക്ഷം രൂപയുമാണ്. ഇത്തരം പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ നിലവിലെ വരുമാന പരിധിയായ 6 ലക്ഷം രൂപ വളരെ ഉയർന്നതാണ്. മെഡിക്കൽ / എഞ്ചിനീയറിംഗ് പ്രവേശനത്തിന് എസ്.ഇ.ബി.സി. വിഭാഗത്തിന് സംവരണത്തിനുള്ള വരുമാന പരിധിയായ 6 ലക്ഷം രൂപ അടിസ്ഥാനമാക്കിയാണ് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ വരുമാന പരിധിയും 6 ലക്ഷം രൂപയായി പരാമർശം 1 പ്രകാരം നിശ്ചയിച്ചിട്ടുള്ളത്.

(.....2)

3. പരാമർശം 2 പ്രകാരം ഒ.ബി.സി. വിഭാഗത്തിലെ 30 സമുദായങ്ങൾക്ക് ഒ.ഇ.സി. തത്തുല്യ ആനുകൂല്യം അനുവദിക്കുന്നതിനുള്ള വരുമാന പരിധിയും 6 ലക്ഷം രൂപയായാണ് നിജപ്പെടുത്തിയിട്ടുള്ളത്. സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ട പരമാവധി ജനവിഭാഗത്തിന് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

4. ഈ സാഹചര്യത്തിൽ ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ നിലവിലെ വരുമാന പരിധി 6 ലക്ഷം രൂപ എന്നത് 8 ലക്ഷമായി ഉയർത്തുവാൻ നിർവ്വാഹമില്ല എന്ന് വ്യക്തത വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (പേരുവച്ച കവറിൽ)
ആദിൽ എം. ആസിഫ്, S/o എം.എ. ആസിഫ്, C.C.J. (C), Harris Nivas, Rampart Road, Opposite RDO's Office, Fort Cochin, Kochi – 686 001.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ